ഉത്തരം

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കണ്ണൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, അതു പരിശോധിച്ച് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി-ഇ) സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ച് അവിടെ ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയശേഷം കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ക്ഷേമനിധി പെൻഷൻ കുടിശ്ശിക

229 (930) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ക്ഷേമനിധി പെൻഷനുകളിൽ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് പറയാമോ;

(ബി) ഇതുവരെ ഏതുമാസം വരെയുള്ള പെൻഷനുകൾ നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) പെൻഷനുകൾ വിതരണം വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന അസംഘടിത തൊഴിലാളി പെൻഷൻ 2015 ഏപ്രിൽ മുതൽ കുടിശ്ശികയുണ്ട്. മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 2015 മാർച്ച് മാസം വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 2015 ജൂലൈ വരെ മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബോർഡുകൾക്ക് സർക്കാർ ഫണ്ടിൽ നിന്നുമാണ് പെൻഷൻ തുക അനുവദിക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly